LIBRARY ARCHIVES Kerala Legislative Assembly

രക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ചെറുകിട ഉൽപ്പാദകരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് കൂടുതൽ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവരിൽ നിന്നും ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില നൽകി. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ശേഖരിച്ചു വരുന്നു. ഈ പദ്ധതിയിലൂടെ 38000 തൊഴിലാളികൾക്ക് നിശ്ചിത കൂലിയും മറ്റാനുകൂല്യങ്ങളും നൽകുന്നുവെന്ന് ഉറപ്പു വരുത്താനും കഴിഞ്ഞിട്ടുണ്ട്. കയർ കോർപ്പറേഷൻ മുഖാന്തിരം ഉൽപ്പന്നങ്ങൾ വാങ്ങുന്ന കയറ്റുമതിക്കാർക്ക് 7.5% റിബേറ്റ് അനുവദിച്ചു വരുന്നു. ക്രയവില സ്ഥിരതാ പദ്ധതി നടപ്പിലാക്കിയതിലൂടെ ഈ മേഖലയിൽ സൗഹാർദ്ദപരമായ വ്യാവസായികാന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ പദ്ധതി ആരംഭിച്ചശേഷം ഇതുവരെ 120.24 കോടി രൂപയുടെ ഓർഡറുകൾ കയറ്റുമതിക്കാരിൽ നിന്നും ശേഖരിച്ച് ചെറുകിട ഉൽപ്പാദക സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ 114 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് കയറ്റുമതിക്കാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഈ വർഷം 100 കോടി രൂപയുടെ ഓർഡറുകൾ സ്മാഹരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇ.എം.എസ്. ഭവനപദ്ധതിക്കായി സഹകരണ മേഖലയിൽ നിന്ന് അനുവദിച്ച വായ്പ തുക

23 (5428) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇ.എം.എസ് ഭവനപദ്ധതിക്കായി സഹകരണ മേഖലയിൽ നിന്നും ഇതുവരെ എത്ര കോടി രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം വായ്പകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അതത് മേഖലയിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് നൽകുകയാണോ ചെയ്തത് ; ഇതിനായി എന്തൊക്കെ മാർഗ്ഗ നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നത് ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൽ നൽകുന്ന വായ്പകളുടെ പലിശ സബ്സിഡി നൽകുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; ഇതിനായി സഹകരണ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടേയും നിർദ്ദേശങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ ;

(ഡി) ഈ സാമ്പത്തിക വർഷം ഈ ഇനത്തിൽ എത്ര കോടി രൂപ ധനസഹായം നൽകാനാണ് സഹകരണ വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇ.എം.എസ്. ഭവന പദ്ധതിക്കായി സഹകരണമേഖലയിൽ നിന്നും ഇതുവരെ 419 കോടി രൂപയുടെ വായ്പ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഇ.എം.എസ്. ഭവന പദ്ധതി പ്രോജക്ടുകളുടെ നടത്തിപ്പിനാവശ്യമായ വായ്പകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അതത് മേഖലയിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും നേരിട്ടാണ് നൽകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പ്രവർത്തന പരിധിയിലുള്ള പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും/ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രവർത്തന പരിധിയിലുള്ള പ്രാഥമിക സഹകരണസംഘത്തിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വായ്പ ലഭ്യമാക്കുന്നില്ലെങ്കിൽ ടി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രവർത്തനപരിധിയിലുള്ള ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ആവശ്യമുള്ള തുക മുഴുവനും ഒരു പ്രാഥമിക സഹകരണ സംഘത്തിൽ നിന്നും/ബാങ്കിൽ നിന്നും ലഭ്യമാകുന്നില്ലെങ്കിൽ ടി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രവർത്തന പരിധിയിലുള്ള ഒന്നിൽ കൂടുതൽ പ്രാഥമിക സഹകരണ സംഘത്തിൽ/ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനും മുനിസിപ്പാലിറ്റികൾക്കും പ്രാഥമിക സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നോ ജില്ലാ സഹകരണ ബാങ്കിൽ നിന്നോ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നോ വായ്പ ലഭ്യമാക്കാവുന്നതാണ്. പ്രാഥമിക സഹകരണ സംഘത്തിന്/ബാങ്കിന് ഫണ്ടിന്റെ ലഭ്യത കുറവാണെങ്കിൽ ടി സംഘത്തിന്/ ബാങ്കിന് ജില്ലാ സഹകരണ ബാങ്കിൽ നിന്നും ഫണ്ട് ലഭ്യമാക്കാവുന്നതാണ്. ജില്ലാ സഹകരണ ബാങ്കിന് ഫണ്ടിന്റെ ലഭ്യത കുറവാണെങ്കിൽ ടി ബാങ്കിന് സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ഫണ്ട് ലഭ്യമാക്കാവുന്നതാണ്. സംസ്ഥാന സഹകരണ ബാങ്ക് 9 ശതമാനം പലിശ നിരക്കിൽ ജില്ലാ സഹകരണ ബാങ്കുകൾക്കും ജില്ലാ സഹകരണ ബാങ്കുകൾ 9½ ശതമാനം പലിശ നിരക്കിൽ പ്രാഥമിക സഹകരണ സംഘത്തിന്/ ബാങ്കിന് ഫണ്ട് ലഭ്യമാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് 10 ശതമാനം പലിശ നിരക്കിലാണ് സഹകരണ സ്ഥാപനങ്ങൾ വായ്പ ലഭ്യമാക്കുന്നത്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന വായ്പയുടെ പലിശ പൂർണ്ണമായും സർക്കാർ വഹിക്കുന്നതാണ്. പലിശ ഓരോ വർഷവും 4 തവണകളായി സർക്കാർ നൽകുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹകരണസംഘങ്ങൾ/ബാങ്കുകൾ നൽകുന്ന വായ്പയുടെ

LIBRARY ARCHIVES Kerala Legislative Assembly

പലിശ സബ്സിഡി നൽകുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പിൽനിന്നും സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഇ.എം.എസ്. ഭവന പദ്ധതിക്ക് 4000 കോടി രൂപ സഹകരണ മേഖലയിൽ നിന്നും നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നീതി മെഡിക്കൽ സ്റ്റോർ

24 (5429) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; എന്ന് ആരംഭിക്കുവാൻ കഴിയും എന്നാണ് സർക്കാർ കരുതുന്നത് ?

ഉത്തരം

എല്ലാ പഞ്ചായത്തുകളിലും നീതിമെഡിക്കൽ സ്റ്റോർ ആരംഭിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പഞ്ചായത്തുകളിലും നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുകയാണ്. വാണിയംകുളം പഞ്ചായത്തിൽ വാണിയംകുളം സേവന സഹകരണ ബാങ്കിന് നീതിമെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. അനങ്ങനടി പഞ്ചായത്തിൽ കോതക്കുറുശ്ശി സേവന സഹകരണ ബാങ്കിന് നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണനയിലാണ്.

സുൽത്താൻ ബത്തേരി സർവ്വീസ് സഹകരണ ബാങ്കിലെ നിയമനം

25 (5430) ശ്രീ. പി. കൃഷ്ണ പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻ ബത്തേരി സർവ്വീസ് സഹകരണ ബാങ്കിൽ നടത്തിയ നിയമനം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സഹിതം ലഭ്യമാക്കുമോ ;

(സി) ബാങ്ക് ഭരണ സമിതിയുടെ അഴിമതിക്കെതിരെ സഹകരണ വകുപ്പ് പോലീസ് അന്വേഷണം ആവശ്യപ്പെടുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly